പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 2719 19.07. 2011-ൽ മറുപടിക്ക്.

# കേന്ദ്രം ആവിഷ്ക്കരിച്ച വ്യവഹാര നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേന്ദ്രം ആവിഷ്ക്കരിച്ച വ്യവഹാര നയം നടപ്പിലാക്കാൻ മുൻസർക്കാർ തയ്യാറാകാത്തതുമൂലം സംസ്ഥാനത്തിന് 72 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ഇല്ല. |
| (ബി) ഇതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയായിരുന്നു ; ഇതു നടപ്പാക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് 2010-15 കാലയളവിൽ ജുഡീഷ്യറിയുടെ പുരോഗതിയ്ക്കായി കേരളത്തിന് 140.06 കോടി രൂപയുടെ, താഴെപറയുന്ന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്: സായാഹ്നകോടതികൾ, മീഡിയേഷൻ സെന്റർ, ലീഗൽ സർവ്വീസസ് അതോറിറ്റി ശക്തിപ്പെടുത്തൽ, കേരള ജുഡീഷ്യൽ അക്കാഡമി, എല്ലാ ജുഡീഷ്യൽ ജില്ലകളിലും കോർട്ട് മാനേജർമാരെ നിയമിക്കൽ, കോടതി കെട്ടിടങ്ങൾ സംരക്ഷിക്കുക എന്നിവയാണവ. ഇതു നടപ്പാക്കാൻ ഇതിനകം തന്നെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (സി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | : (സി) ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2010-15 വർഷത്തേയ്ക്കുള്ള പേഴ്സ്പെക്ടീവ് പ്ലാൻ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്കീമുകൾ നടപ്പിലാക്കുന്നതിനായി 2010-11-ലേയ്ക്കുള്ള ആക്ഷൻ പ്ലാൻ ഭരണാനുമതിയും നൽകിയിട്ടുണ്ട്. 2011-12-ലേയ്ക്കുള്ള ആക്ഷൻ പ്ലാൻ ഇതിനകം തന്നെ അംഗീകരിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി പ്രസ്തുത ഇനത്തിൽ ഓരോ വർഷവും എത്ര കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | : (ഡി) ഓരോ വർഷവും ഏകദേശം 28 കോടിയോളം രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ